# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4251 — 19/10/2011- ലെ മറുപടിക്ക്

## നോക്കുകൂലിമൂലമുള്ള ബുദ്ധിമുട്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. അച്ചുതൻ<br>ശ്രീ. എം.പി. വിൻസന്റ്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലനിൽക്കുന്ന നോക്കുകൂലിമൂലമുള്ള ബുദ്ധിമുട്ടുകളിൽ നിന്ന് ജനങ്ങൾക്കു മോചനം നൽകാൻ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചുമട്ടു തൊഴിലാളികൾ നോക്കുകൂലി വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടാൽ 1983-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ 35-ാം ഖണ്ഡിക പ്രകാരം താഴെ വിവരിക്കുന്ന ശിക്ഷാ നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br>1. രേഖാമൂലം താക്കീത് നല്കുന്നു.<br>2. 7 ദിവസത്തിൽ കുറയാതെയോ 30 ദിവസത്തിൽ കവിയാതെയോ ഉള്ള ഒരു കാലയളവിലേയ്ക്ക് ജോലി ചെയ്യുന്നതിൽ നിന്നും നീക്കം ചെയ്യുക. എന്നാൽ വീണ്ടും ചെയ്യുന്ന കുറ്റത്തിന് അപ്രകാരം താല്കാലികമായി ജോലിയിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള കാരണങ്ങൾ രേഖാമൂലം അറിയിച്ചുകൊണ്ട് 60 ദിവസം വരെയുള്ള കാലയളവിലേക്ക് ദീർഘിപ്പിക്കുക<br>3. ചുമട്ടു തൊഴിലാളിയായുള്ള രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ അപ്രകാരം ചെയ്യുകയും തൊഴിലാളി നോക്കുകൂലി വാങ്ങിയതായി രേഖാമൂലം പരാതി ലഭിച്ചാൽ നോക്കുകൂലിയായി വാങ്ങിയ തുക തൊഴിലാളികളിൽ നിന്നും ഈടാക്കി തിരികെ നല്കുന്നതുമാണ്. |

| | | | |
|---|---|---|---|
| (ബി) | ജനങ്ങളുടെ പരാതി പരിഹരിക്കുന്നതിന് ഹെൽപ്പ് ലൈൻ തുടങ്ങാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ; | (ബി) | പൊതു ജനങ്ങൾക്ക് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിനായി ഐ.റ്റി. മിഷൻ മുഖേന വകുപ്പിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലേബർ ഹെൽപ്പ് ലൈൻ നടപ്പിലാക്കിയിട്ടുണ്ട്.<br>(ഹെൽപ്പ് ലൈൻ നമ്പർ- 155300 ) |
| (സി) | ഗാർഹിക രംഗത്ത് കയറ്റിറക്കിന് ഉടമകൾക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകാൻ നടപടി എടുക്കുമോ; | (സി) | ഗാർഹിക ആവശ്യങ്ങൾക്കുള്ള കയറ്റിറക്കിനെ കേരള ചുമട്ടു തൊഴിലാളി നിയമത്തിൽ നിന്നും സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. പദ്ധതി പ്രദേശത്ത് സ്ഥാപന ഉടമ നേരിട്ട് കയറ്റിറക്ക് ചെയ്യുന്നതിന് നിയമം അനുവദിക്കുന്നുണ്ടെങ്കിലും മറ്റൊരാളെ നിയോഗിക്കുകയാണെങ്കിൽ അത് ബോർഡിനു കീഴിലെ അംഗീകൃത തൊഴിലാളി തന്നെ ആകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ